ഇംഗ്ലീഷിലും പരിശീലനം നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കോളേജുകൾ, ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങൾ എന്നിവയെ ചുമതലപ്പെടുത്തുന്ന പദ്ധതിയാണ് 'ടെയിനിംഗ് പാർട്ട്ണർ സ്കീം'. ഇത്തരത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ അസാപ് നിർദ്ദേശിക്കുന്ന രീതിയിൽ ഗ്രണനിലവാരത്തോടെ, തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇതിന് പ്രത്യേക മാനദണ്ഡങ്ങളും നിബന്ധനകളും അസാപ് തയ്യാറാക്കി വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ മെച്ചപ്പെട്ട സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റികളുടെ വൈദഗ്ധ്യവും തൊഴിൽ പരിശീലനത്തിനായി ഉപയുക്തമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. കൂടാതെ പ്രത്യേക വൈദഗ്ധ്യമേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ സാധാരണ പ്രവൃത്തി സമയത്തിനുപുറമെയുള്ള മണിക്കൂറുകൾ മറ്റ് വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യവും ഇതിനുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അസാപ്പിൽ സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളായി പ്രവർത്തിക്കുന്നതിനും പദ്ധതി അവസരമൊരുക്കുന്നു.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ, എയ്ഡഡ് കോളേജുകൾ.

(ഡി) കുറഞ്ഞ ചെലവിൽ മികച്ച സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലനം സമയബന്ധിതമായി പൂർത്തിയാക്കുക.

സ്കൂളുകളിലെ ഉച്ചഭക്ഷണം

71 (4685) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ എൽ.പി., യു.പി. വിഭാഗത്തിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അളവും മെനുവും അറിയിക്കുമോ;

(സി) ഓരോ കുട്ടിക്കും നൽകേണ്ടുന്ന പച്ചക്കറിയുടെ അളവും അതിനായി അനുവദിക്കുന്ന തുകയും എത്രയാണ്;

(ഡി) ആഴ്ചയിൽ എത്ര ദിവസം എത്ര അളവിലാണ് ഓരോ കുട്ടിക്കും പാലും കോഴിമുട്ടയും നൽകുന്നത്;

(ഇ) ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന കയറ്റിറക്ക് കൂലിയും പാചകക്കൂലിയും എത്രയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അരി - പ്രൈമറി വിഭാഗത്തിന് - 100 ഗ്രാം

അരി - അപ്പർപ്രൈമറി വിഭാഗത്തിന് - 150 ഗ്രാം

വൈവിദ്ധ്യമുള്ളതും, പോഷകപ്രദവുമായ സമീകൃതാഹാരം കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഓരോ ദിവസവും ലഭിക്കുന്ന രീതിയിൽ മെനു തയ്യാറാക്കാൻ സ്കൂൾ ന്യൂൺഹീഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പച്ചക്കറി - പ്രൈമറി വിഭാഗത്തിന് - 50 ഗ്രാം പച്ചക്കറി

അപ്പർ പ്രൈമറി വിഭാഗത്തിന് - 75 ഗ്രാം.

കുട്ടിയൊന്നിന് പ്രതിദിനം അനുവദിക്കുന്ന 5 രൂപയിൽനിന്നും പച്ചക്കറിക്കുള്ള തുക സ്കൂൾ അധികൃതർ നൽകുന്നതാണ്.

(ഡി) പാൽ 150 മി. ലിറ്റർ തോതിൽ ആഴ്ചയിൽ രണ്ടുദിവസം, മുട്ട ആഴ്ചയിൽ ഒരു ദിവസം.

(ഇ) കയറ്റിറക്കു കൂലി കുട്ടികൾക്ക് പ്രതിദിനം അനുവദിക്കുന്ന 5 രൂപയിൽ നിന്നും കണ്ടെത്തേണ്ടതാണ്. പാചകക്കൂലി കുറഞ്ഞത് 200 രൂപയും പരമാവധി 250 രൂപയും പ്രത്യേകമായി നൽകി വരുന്നു.

ഉച്ചക്കഞ്ഞി വിതരണം

72 (4687) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനേജ്മെന്റ് ഫണ്ട് (MME) ഇനത്തിൽ എത്ര തുക നീക്കി വെച്ചുവെന്നും ഓരോ അദ്ധ്യായന വർഷവും എത്ര തുക വിനിയോഗിച്ചുവെന്നും അതിന്റെ ശതമാനവും വെളിപ്പെടുത്തുമോ ;

(ബി) ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കുന്നതെന്നും ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ?